# കർദ്ദിനാൾ പാറേക്കാട്ടിൽ ഇവിടെ ജീവിച്ചിരുന്നു

1912, ഏപ്രിൽ ഒന്നാം തീയതി ഭൂജാതനായ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിനെ ആ ദിനത്തിന്റെ പ്രത്യേകതവച്ച് കളിയാക്കു ന്നവ രോട് അദ്ദേഹം പറയുമായിരുന്നു, 'ഭോഷദിന ത്തിൽ ജനിച്ച ഏക ബുദ്ധിമാൻ ഞാനാണ്'. അദ്ദേഹം ജനിച്ച അങ്കമാലിക്കടുത്തുള്ള കിടങ്ങൂർ ഗ്രാമമാണ് ഭാരതത്തിൽ ആദ്യമായി ഒരു കർദ്ദിനാളിനു ജന്മം കൊടുത്ത ഇന്ത്യയിലെ സ്ഥലം. ഭാരതതത്തിലെ ആദ്യ കർദ്ദിനാ ളായിരുന്ന ഗ്രേഷ്യസ് ജനിച്ചത് പാക്കിസ്ഥാനിലെ കറാച്ചിയി ലായിരുന്നു. ഭാരത സഭയെയും ആഗോള സഭയെയും സീറോ മലബാർ സഭയെ പ്രത്യേകിച്ചും വളരെയേറെ സ്വാധീനിച്ച കർദ്ദിനാൾ പാറേക്കാട്ടിൽ പിതാവിന്റെ ജന്മശതാബ്ദി ആരംഭിക്കുന്ന വർഷമാണിത്.

ആ ചരിത്ര പുരുഷനെ ആരൊക്കെ മറന്നാലും മറക്കാൻ ശ്രമി ച്ചാലും സത്യദീപത്തിനു സാധിക്കുകയില്ല. ആറു വർഷത്തോളം സത്യദീപത്തിന്റെ എഡിറ്ററായിരുന്ന കർദ്ദിനാൾ പാറേക്കാട്ടിൽ തന്റെ ആത്മകഥയായ 'ഞാനെന്റെ ദൃഷ്ടിയിൽ' എഴുതി, "എന്റെ ജീവിതത്തിലെ സുവർണ കാലഘട്ടം ഞാൻ സത്യദീപം പത്രാധിപരമായിരുന്ന ആറുക്കൊല്ലക്കാലമാണെ ന്നു നിസ്സംശയം പറയാം. ഹൃദയ സമാധാനത്തിലും സംതൃപ്തിയിലും അക്കാലം അനുഗൃഹിതമായിരുന്നു. അന്നു മിത്രങ്ങൾ ധാരാളവും ശത്രുക്കൾ വിരളവുമായിരുന്നു. സത്യദീപം പത്രവുമായുള്ള ബന്ധമാണ് എന്നെ ബഹുജന ദൃഷ്ടിയിൽ കൊണ്ടുവന്നത്''(395). തന്നെ എറണാകുളം അതിരുപതാദ്ധ്യക്ഷനായ കണ്ടത്തിൽ പിതാവിന്റെ സഹായ മെത്രനായി നിയമിച്ച കത്തു ലഭിച്ച സമയത്തെക്കുറിച്ച് കർദ്ദിനാൾ എഴുതുന്നു, ''1953 നവംബർ 5-ാം തീയതി സായാഹ്നത്തിൽ ഞാനെന്റെ ഓഫിസുമുറിയിലിരുന്നു കാർഡിനൽ തിസ്സരാങ്ങിനെക്കുറിച്ചുള്ള സത്യദീപത്തിലേ യ്ക്കുള്ള മുഖപ്രസംഗം എഴുതുകയായിരുന്നു." മെത്രാഭിഷേ കത്തിന്റെ അവസരത്തിൽ എറണാകുളം അതിരൂപതയിലെ വൈദികർ സമ്മാനിച്ച 5000 രൂപ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ സത്യദീപം സൗജന്യ വിതരണ ഫണ്ടിലേ യ്ക്കാണ് നൽകിയത് എന്ന യാഥാർത്ഥ്യവും ഏറെ സ്മർത്ത വ്യമാണ്.

തചൈതന്യജന്യമായ ആത്മധൈര്യത്തോടെ സഭയിൽ വിശാലവീക്ഷണവും സ്വപ്രത്യയസ്ഥൈര്യവും സഭാജീവിത ദർശനവും പുലർത്തിയിരുന്ന കർദ്ദിനാൾ പാറേക്കാട്ടിൽ പിതാവ് സാമൂഹ്യപരിഷ്കർത്താവ് എന്ന നിലയിലും സീറോ മലബാർ സഭയുടെ നവീകരണ വക്താവ് എന്ന നിലയിലും ചെയ്ത കാര്യങ്ങൾ സഭയുടെ ചരിത്രത്തിൽ നിന്നും തേച്ചുമാച്ചു കളയാൻ പറ്റത്തതാണ്. ആഗോളസഭയിൽ കർദ്ദിനാൾ പാറേക്കാട്ടിലിന്റെ സാന്നിധ്യവും ഇടപെടലുകളും എത്ര ശക്തമായിരുന്നു എന്നു മനസ്സിലാക്കിയാൽ 'സഭയക്കു വേണ്ടി എന്താണ് കർദ്ദിനാൾ പാറേക്കാട്ടിൽ എന്തു ചെയ്തു?' എന്ന അജ്ഞതയുടെ ചോദ്യകർ ത്താക്കൾക്കു മറുപടിയാകും. കർദ്ദിനാൾ പാറേക്കാട്ടിലിന്റെ വ്യക്തിത്വത്തെക്കുറിച്ചും ദർശനത്തെയും സംഭവനകളെയും കുറിച്ച് പ്രസിദ്ധ സഭ ചരിത്രകാരനായ മത്തിയാസ് മുണ്ടാടൻ സി.എം. ഐ രചിച്ച " Cardinal Parecattiil: The Man , His Vision and His contribution' എന്ന പുസ്തകത്തിൽ നിന്നും കടമെടുത്ത് എഴുതട്ടെ. 'പോൾ ആറാമൻ മാർപാപ്പയുടെ മരണശേഷം പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ കർദ്ദിനാൾ പാറേക്കാട്ടിലും ഉണ്ടായിരുന്നു. വളരെ സ്പെഷലായ ആ കോൺക്ലേവിലെ അംഗങ്ങളെയും അവരുടെ വീക്ഷണങ്ങളെയുക്കുറിച്ചും ആഗോള സഭയിൽ അവരുടെ സംഭവനകളെക്കുറിച്ചും അമേരിക്കയിൽ നിന്നും വളരെ ആധികാരികമായ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. "അകത്തെ പ്രമുഖർ'' (The Inner Elite) എന്ന ആ പുസ്തകത്തിൽ കർദ്ദിനാൾ പാറേക്കാട്ടിലിന്റെ സ്ഥാനം ആഗോള സഭയിലെ കർദ്ദിനാളുമാരുടെ ഇടയിൽ ആറാമതായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിലും മെത്രാന്മാരുടെ സിനഡുകളിലും മറ്റു കമ്മീഷനുകളിലും സെക്രട്ടറിയേറ്റുകളിലും കർദ്ദിനാൾ പാറേക്കാട്ടിലിന്റെ സാന്നിധ്യവും ഇടപെടലും ആഗോള തലത്തിൽ ഏറെ ശ്രദ്ധയാർജ്ജിച്ചിരുന്നു. പ്രസിദ്ധമായ ആ പുസ്തകത്തിൽ കർദ്ദിനാളിന്റെ വോട്ട് ആർക്കായിരിക്കുമെന്ന് ഊഹിച്ചുകൊണ്ട് ഇങ്ങനെ എഴുതിയിരിക്കുന്നു, "കർദ്ദിനാൾ പാറേക്കാട്ടിൽ ദേശിയ മെത്രാൻ സമിതികൾക്കു കൂടുതലായ പ്രവർത്തന സ്വാതാന്ത്ര്യം കൊടുക്കുന്നതിനോട് അനുകൂലി ച്ചിരുന്നു. അതുകൊണ്ടു ഈ കോൺക്ലേവിൽ അദ്ദേഹത്തിന്റെ വോട്ട് അധികാര വികേന്ദ്രീകരണത്തിനു കൂടുതൽ ഇടം കൊടുക്കുന്ന വ്യക്തിക്കാനാണ് സാധ്യത. ആഗോള സഭയുടെ എല്ലാ കാര്യങ്ങളിലും കർശനമായ നിയന്ത്രണം കൊണ്ടുവ രണമെന്നു ചിന്തിക്കുന്നയാളെ അദ്ദേഹം അനുകൂലിക്കു കയില്ല."

പൗരസ്ത്യ സഭയിലെ അംഗമെന്ന നിലയിൽ കർദ്ദിനാൾ പാറേക്കാട്ടിൽ ആഗോള സഭയിൽ ചെറുതു സ്വാതന്ത്രവുമായ സഭകളുടെ പ്രധാന്യത്തെയും സ്വാധീനത്തെയും കുറിച്ച് തികഞ്ഞഅവബോധമുള്ള വ്യക്തിയായിരുന്നു. പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രബോധന രേഖയുടെ കരടുരൂപത്തിൽ അവയെ 'ആഗോള സഭയുടെ ആഭരണങ്ങൾ' എന്നു വിശേഷിപ്പിച്ചതിനെ ശ്ലാഘിച്ചതൊടൊപ്പം കർദ്ദിനാൾ പാറേക്കാട്ടിൽ തനിക്കു ഇഷ്ടപ്പെട്ട വിശേഷണം അവ 'ആഗോള സഭയുടെ അഭിവാജ്യ ഘടകങ്ങൾ' എന്നതാണ് എന്നു കൂട്ടിച്ചേർത്തു. പൗരസ്ത്യ കാനോനിക നിയമം എഴുതിയുണ്ടാക്കാനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ച കർദ്ദിനാൾ പക്ഷേ ആഗോള സഭയിൽ ഒരൊറ്റ കാനോനിക നിയമം മതി എന്നു ചിന്തിച്ചായാളുമാണ്. ലിറ്റർജിയെ പ്രാദേശിക ഭാഷകളിലേ യ്ക്ക് മാറ്റണമെന്ന നിർബന്ധ ബുദ്ധിയോടൊപ്പം അവയുടെ മൊഴിമാറ്റത്തിൽ ഓരോ സംസ്കാരത്തിലും ഭാഷയിലും സാധാരണക്കാർക്കു എളുപ്പത്തിൽ ഗ്രഹിക്കത്തക്കവിധമുള്ള ഭാഷാ പ്രയോഗത്തിനുള്ള സ്വാതന്ത്ര്യം ആവശ്യപ്പെട്ടിരുന്നു. ജനങ്ങൾക്കു സ്വീകാര്യവും പരിചിതവുമായ പദങ്ങൾ മാറ്റി ലിറ്റർജിയെ ജനങ്ങളിൽ നിന്നും അകറ്റുന്ന രീതിയെ കർദ്ദിനാൾ ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. ഇന്നു സാധാരണ വിശ്വാസികൾക്കു പരിചിതമായ 'പരിശുദ്ധാത്മാവ് ' എന്നതിനു പകരം 'പാറക്ലേത്ത', 'താലന്ത്' എന്നതിനു പകരം, 'കക്ര' എന്നൊക്കെ കാണുമ്പോൾ പാറേക്കാട്ടിൽ പിതാവിന്റെ കണ്ണി നീരിനെ ഓർത്തു പോകും.

'സിംഹങ്ങളുടെ ഇടയിൽ നിന്നും ചരിത്രകാരന്മാർ ഉണ്ടാ കുന്നതുവരെ സിംഹങ്ങളെ വേട്ടയാടിയവരുടെ ധീരസാഹ സിക കൃത്യങ്ങൾ മാത്രമേ സ്തുതിക്കപ്പെടുകയുള്ളു' എന്നൊരു ആഫ്രിക്കൻ പഴമൊഴിയുണ്ട്. കർദ്ദിനാൾ പാറേക്കാട്ടിലിന്റെ ജന്മശതാബ്ദിയുടെ തുടക്കം കുറിക്കുന്ന അവസരത്തിൽ ഈ കർമയോഗിയുടെ വാക്കുകൾ തന്നെ ഉദ്ധ രിക്കട്ടെ, "മറ്റെല്ലാവരുടെയും കാര്യത്തിൽ സംഭവിക്കാറുള്ളു തുപോലെ എന്റെ കാര്യത്തിലും ഭിന്നരീതയിലുള്ള വീക്ഷണങ്ങ ളാണ് ലോകത്തിലുള്ളത്. എന്റെ ജീവിതത്തെയും പ്രവർത്തന ശൈലികളെയും വിലയിരുന്നുന്നത് പലരും പലവിധത്തിലാണ്. വളരെയേറെ പരസ്യ പ്രശംസകൾക്കും രഹസ്യ വിമർശനങ്ങൾക്കും ഞാൻ വിഷയമായിട്ടുണ്ട്. 'അദ്ദേ ഹം വൈരുദ്ധ്യത്തിന്റ ചിഹ്നമായിരിക്കും' എന്നു ക്രിസ്തുവി നെപ്പറ്റി വി. ശിമയോൻ പറഞ്ഞത് ഒരു എളിയ ക്രിസ്തു ശിഷ്യനായ എന്നിലും ചെറിയൊരളവിൽ അന്വർത്ഥമായിട്ടു ണ്ടെന്നാണെന്റെ വിശ്വാസം.'